# പതിനാലാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1947 | 01.02.2018-ൽ മറുപടിക്ക് |
|---|---|

### തൊണ്ടിമുതലായി പിടിച്ചെടുത്ത വാഹനങ്ങൾ

| | ചോദ്യം<br>ശ്രീ. യു.ആർ. പ്രദീപ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കേസ്സുകളുമായി ബന്ധപ്പെട്ട് തൊണ്ടിമുതലായി പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ ആകെ എത്ര എണ്ണം ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 66507 (അറുപത്തിയാറായിരത്തി അഞ്ഞൂറ്റ് ഏഴ്) |
| (ബി) | ഇതിൽ അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ എത്ര എണ്ണമുണ്ട്; | (ബി) | 5301 (അയ്യായിരത്തി മുന്നൂറ്റി ഒന്ന്) |
| (സി) | പിടിച്ചെടുത്ത വാഹനങ്ങൾ വർഷങ്ങളോളം പോലീസ് സ്റ്റേഷൻ പരിസരത്ത് കിടന്ന് തുരുമ്പെടുത്ത് നശിക്കുന്നതും കൊതുക്, എലി തുടങ്ങിയ പകർച്ചവ്യാധികൾ പരത്തുന്ന പ്രാണികളും ജീവികളും പെരുകി വളരുന്നതിന് ഇടയാക്കുന്നതും വലിയ തോതിലുള്ള ആരോഗ്യപ്രശ്നങ്ങളും ഗതാഗത തടസ്സവും ഉണ്ടാക്കുന്നതും കണക്കിലെടുത്ത് ഇവ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | കേസിൽ ഉൾപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ കേസ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അവകാശികൾക്ക് തിരിച്ചുകൊടുക്കുവാൻ ഉത്തരവാകുകയാണെങ്കിൽ അവകാശികൾക്ക് വിട്ടു നൽകുകയും, അല്ലാത്തവ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നു. കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ ബഹു. കോടതിയുടെ ഉത്തരവുകൾ പ്രകാരം ഡിസ്പോസൽ ചെയ്യുകയും, മറ്റ് ഡിപ്പാർട്ട്മെന്റുകൾ പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കാൻ ഏൽപ്പിച്ച വാഹനങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി കത്തിടപാടുകൾ നടത്തി ഡിസ്പോസൽ ചെയ്തുവരുന്നതുമാണ്. ആയതിനാൽ പിടിച്ചെടുത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്ത് തുരുമ്പെടുത്ത് നശിക്കുന്നില്ല. ടി വാഹനങ്ങൾ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടുകളിൽ കുന്നുകൂട്ടിയിടാതെ നിശ്ചിത സ്ഥലങ്ങളിൽ ക്രമപ്പെടുത്തിയാണ് സൂക്ഷിക്കുന്നത്. ഇതുമൂലം പൊതുജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങളും ഗതാഗത തടസ്സങ്ങളും ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ